# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2382** 18.02.2016-ൽ മറുപടിക്ക്

## ആശ വർക്കർമാരുടെ സേവന വേതനവ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്ന ആശാ വർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(എ) കേരളത്തിൽ ആശാ പദ്ധതി 2007 മുതൽ നടപ്പിലാക്കി വരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും, അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. കേരളത്തിൽ 31549 ആശ പ്രവർത്തകർ പ്രവർത്തിച്ചുവരുന്നു.

ആശപ്രവർത്തകരുടെ ചുമതലകൾ താഴെ പറയുന്നവയാണ്.

- ➢ സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.
- ➢ ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ചുവടെ പറയുന്ന ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക. ഉദാ:-
  - * ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക.
  - * ഗർഭകാലശുശ്രൂഷയും, ടി.ടി, അയൺ ഫോളിക് ആസിഡ് എന്നിവയും ലഭ്യമാക്കുക.
  - * ജനനീസുരക്ഷാ യോജനയുടെ പ്രയോജനം ലഭ്യമാക്കുക.
  - * കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക.
- ➢ പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക.

(.....2)

- പകർച്ചവ്യാധി നിയന്ത്രണം, കൊതുക നിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക.
- നവജാത ശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.
- നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്., ക്ഷയരോഗ മരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.

ആശ പ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളാണ് ഇവർക്ക് നൽകുന്നത്.

ഇൻസെന്റീവുകൾ താഴെപ്പറയുന്നവയാണ്.

1. പരിശീലനങ്ങൾക്ക് യഥാർത്ഥ യാത്രാപ്പടി
2. പരിശീലന ദിവസങ്ങൾക്ക് 100 രൂപ വീതം ക്ഷാമബത്ത
3. ആരോഗ്യ സ്ഥാപനങ്ങളിൽ മാസം തോറും നടക്കുന്ന മീറ്റിംഗിന് 100 രൂപ
4. ജനനീ സുരക്ഷാ യോജന പ്രകാരം ഒരു ഗുണഭോക്താവിനെ സഹായിക്കുന്നതിന് 200 രൂപ
5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവയ്പുകൾക്ക് കുട്ടികളെ കൊണ്ടുവരുന്നതിന് 100 രൂപ (കുറഞ്ഞത് അഞ്ച് കുട്ടികളെ എങ്കിലും)
6. വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷൻമാർക്ക് 200 രൂപയും
7. വാർഡുതല ആരോഗ്യപോഷക ദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)
8. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)

(.....3)

9. ടി.ബി. രോഗികൾക്ക് കഫ പരിശോധ നയ്ക്കും അതിനു ശേഷം ഡോട്സ് നൽകുന്നതിനുമായി 250 രൂപ
10. കുട്ടികൾക്ക് മുഴുവൻ പ്രതിരോധ കുത്തിവയ്പുകൾ എടുക്കുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് ഒരു കുട്ടിക്ക് 50 രൂപ

(ബി) ഇവരുടെ പ്രവർത്തി സമയവും പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ?

(ബി) ആശമാരുടെ പ്രവർത്തനത്തിന് ഒരു പ്രത്യേക സമയക്രമം നിജപ്പെടുത്തിയിട്ടില്ല. എങ്കിലും ആഴ്ചയിൽ കുറഞ്ഞത് മൂന്ന് ദിവസമെങ്കിലും ഫീൽഡ് തലത്തിൽ പ്രവർത്തിക്കേണ്ടതാണ്. ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതും വിലയിരുത്തുന്നതും അതാത് പ്രദേശത്തെ ജെ.പി.എച്ച്.എൻ - മാരാണ്.

സെക്ഷൻ ഓഫീസർ